# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5749 25.05.2017-ൽ മറുപടിയ്ക്ക്

## കാരുണ്യ ബനവലന്റ് ഫണ്ട്

| | ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബനവലന്റ് ഫണ്ട് വഴി നിലവിൽ ഒരു റേഷൻ കാർഡിൽ പരമാവധി എത്ര തുകയാണ് അനുവദിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി മുഖേന ഒരേ റേഷൻ കാർഡിൽ ഉൾപ്പെടുന്ന ഒരാൾക്കോ ഒന്നിലധികം പേർക്കോ, ഹൃദയം, കരൾ, തലച്ചോർ സംബന്ധമായ ശസ്ത്രക്രിയക്കും, ക്യാൻസർ, ശ്വാസകോശ രോഗം എന്നിവയ്ക്കുള്ള ചികിത്സയ്ക്കും നട്ടെല്ല്, സുഷുമ്നാ നാഡി തുടങ്ങിയവയ്ക്ക് വരുന്ന ഗുരുതര ക്ഷതങ്ങൾക്കും പരമാവധി രണ്ട് ലക്ഷം രൂപ ധനസഹായം ലഭിക്കും, വൃക്ക രോഗികൾക്ക് പരമാവധി മൂന്ന് ലക്ഷം രൂപ ചികിത്സാ ധനസഹായം ലഭിക്കും. ഹീമോഫീലിയ രോഗത്തിന് തുക പരിധി ഇല്ലാതെ മരുന്ന് വിതരണം ചെയ്യുവരുന്നു. |
| (ബി) | ഒരു കുടുംബത്തിലെ ഒന്നിലേറെ പേർക്ക് മാരക അസുഖങ്ങൾ പിടിപെടുന്ന സാഹചര്യത്തിൽ പാവപ്പെട്ടവർക്ക് ഇത് ബുദ്ധിമുട്ടായിരിക്കുമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | ഉണ്ട്. സർക്കാരിന്റെ പരിഗണനയിലുള്ള സമഗ്ര ചികിത്സാ സഹായ പദ്ധതി നടപ്പിലാകുന്നതോടെ ഈ ബുദ്ധിമുട്ട് പരിഹരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.